**B** **402**

# വാർഷിക മൂല്യനിർണയം 2017-18
## മലയാളം

ക്ലാസ്- 4 സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.......................................................

വിദ്യാലയത്തിന്റെ പേര്.......................................................

ഡിവിഷൻ.......................................................

രക്ഷിതാവിന്റെ ഒപ്പ്.......................................................

അധ്യാപകന്റെ ഒപ്പ്.......................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | സംഭാഷണം | |
| 2 | ജീവചരിത്രക്കുറിപ്പ് | |
| 3 | ആസ്വാദനക്കുറിപ്പ് | |
| 4 | അഭിനന്ദനക്കത്ത് | |
| 5 | കുറിപ്പ് | |
| 6 | കഥാപൂരണം | |
| ഓവറോൾ ഗ്രേഡ് | | |

### നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ വായിച്ചു നോക്കാനുള്ളതാണ്.(സമാശ്വാസ സമയം)
- ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്. ഇതിൽ ഏതെങ്കിലും അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം: 1 സംഭാഷണമെഴുതാം**

നാടൻ ഭക്ഷണങ്ങളെക്കുറിച്ചും പഴയകാല ആഹാരരീതിയെപ്പറ്റിയും സുമടീച്ചർ ക്ലാസിൽ ചർച്ച സംഘടിപ്പിച്ചു. മീനാക്ഷിക്ക് ഒരുപാടു കാര്യങ്ങൾ അറിയാൻ പറ്റി. അവൾക്കു സന്തോഷമായി. കൂടുതൽ അറിയാനായി അയൽവീട്ടിലെ അമ്മൂമ്മയോടു സംസാരിച്ചപ്പോൾ അവൾക്ക് അതിശയമാണു തോന്നിയത്. എന്തൊക്കെ തരം ഭക്ഷണങ്ങൾ! എന്തെല്ലാം രീതികൾ! ഈ അമ്മൂമ്മയ്ക്ക് ഇത്രയൊക്കെ കാര്യങ്ങൾ അറിയുമെന്ന് മീനാക്ഷി വിചാരിച്ചിരുന്നേയില്ല. അമ്മൂമ്മയോട് മീനാക്ഷിക്ക് ബഹുമാനം കൂടി.

എന്തൊക്കെയായിരിക്കും അവർ തമ്മിൽ പറഞ്ഞിരിക്കുക? അവരുടെ സംഭാഷണം എഴുതിത്തയാറാക്കൂ.

മീനാക്ഷി : .......................................................

അമ്മൂമ്മ : .......................................................

.................. : .......................................................

.................. : .......................................................

.................... : ....................................................................................................

.................... : ....................................................................................................

.................... : ....................................................................................................

.................... : ....................................................................................................

.................... : ....................................................................................................

.................... : ....................................................................................................

**പ്രവർത്തനം: 2 ജീവചരിത്രക്കുറിപ്പ് തയാറാക്കാം**

"ഈ വല്ലിയിൽനിന്നു ചെമ്മേ പൂക്കൾ
പോവുന്നിതാ പറന്നമ്മേ"

എന്നുതുടങ്ങുന്ന കവിതയെഴുതിയ മഹാകവി കുമാരനാശാനെക്കുറിച്ചു കേട്ടിട്ടുണ്ടല്ലോ. അദ്ദേഹത്തെക്കുറിച്ച് മറ്റെന്തൊക്കെ അറിയാം? സ്വന്തം കൂട്ടുകാർക്ക് കുമാരനാശാനെക്കുറിച്ച് വായിച്ചറിയാൻ സഹായകമായ ഒരു ജീവചരിത്രക്കുറിപ്പു തയാറാക്കൂ. ചില വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.



പ്രവർത്തനം: 3 ആസ്വാദനക്കുറിപ്പെഴുതാം

"വാർമഴവില്ലേ വന്നാലും
വാനിൻ മടിയിലിരുന്നാലും
കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ
ആരു നിനക്കീ നിറമേകി
ആരു നിനക്കീ നില നൽകി
വന്നു കളിപ്പാൻ കൊതി തോന്നും
നിന്നുടെ കൂടെ ഇവനെന്നും
വാർമഴവില്ലേ മായല്ലേ
അഴകിൻതെല്ലേ പോകല്ലേ."

മഴവില്ലിനെക്കുറിച്ചുള്ള കുട്ടിയുടെ ചിന്തകൾ വായിച്ചല്ലോ. മഴവില്ലുപോലെ മനോഹരമായ, വായിക്കാൻ കൊതി തോന്നുന്ന വരികൾ, അല്ലേ? വായിച്ചപ്പോൾ നിങ്ങൾക്ക് എന്തു തോന്നി? ഈ വരികൾക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

പ്രവർത്തനം: 4 അഭിനന്ദനക്കത്തെഴുതാം

സംസ്ഥാന സ്കൂൾ കായികമേളയിൽ ഗീതുവിന്റെ അമ്മാവന്റെ മകൾ ശരണ്യയ്ക്ക് 100 മീറ്റർ ഓട്ടമത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചു. വളരെ പ്രയാസകരമായ കുടുംബ സാഹചര്യങ്ങൾക്കിടയിലും കഠിനപരിശ്രമം വഴി ശരണ്യ നേടിയ നേട്ടം എല്ലാവരെയും അതിശയിപ്പിച്ചു. ഈ വാർത്ത പത്രത്തിൽ വായിച്ച ഗീതു ശരണ്യച്ചേച്ചിക്ക് അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് ഒരു കത്തെഴുതാൻ തീരുമാനിച്ചു.

ശരണ്യയ്ക്ക് ഒരു അഭിനന്ദനക്കത്ത് തയാറാക്കൂ.

**പ്രവർത്തനം: 5 കുറിപ്പെഴുതാം**

എ. താഴെ തന്നിരിക്കുന്ന കലാരൂപത്തിന്റെ പേരെഴുതുക.



ബി. നമ്മുടെ നാട്ടിലും ഇതുപോലെ നമുക്കു പ്രിയപ്പെട്ട കലാരൂപങ്ങളുണ്ടല്ലോ. എന്തുകൊണ്ടാണ് അവയെ നമുക്കിഷ്ടമാകുന്നത്? എന്തൊക്കെ പ്രത്യേകതകളാണ് അവയ്ക്കുള്ളത്? മറ്റൊരാൾക്കു വായിച്ചു മനസ്സിലാക്കാനായി ഏതെങ്കിലും ഒരു കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.

പ്രവർത്തനം: 6 കഥാപൂരണം

'വെളുമ്പൻമുയൽ കാട്ടിലൂടെ വിശന്നു നടക്കുകയായിരുന്നു. അതുവഴി വന്ന മൈനപ്പെണ്ണ് പറഞ്ഞു. കാട്ടിനു വെളിയിൽ തേന്മാവിൻ കൊമ്പത്ത് നിറയെ മാമ്പഴമുണ്ടെന്ന്. നാവിൽ വെള്ളമൂറി. എങ്ങനെ കിട്ടും? വെളുമ്പൻ ചിന്തിച്ചു.........' നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തീകരിക്കൂ. കഥയ്ക്കു യോജിച്ച പേരും നൽകണേ.